# കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (INTUC)

H.O.S വരദരാജൻ നായർ സ്മാരക മന്ദിരം,മാഞ്ഞാലിക്കുളം റോഡ്,തമ്പാനൂർ,തിരുവനന്തപുരം

**Ph: 0471- 2333640**


**സർക്കുലർ നമ്പർ: 17/2026**

# സംസ്ഥാന ഭാരവാഹികളുടെ യോഗ തീരുമാനങ്ങൾ

സുഹൃത്തേ,

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന ഭാരവാഹികളുടെ യോഗം 2026 ഒക്ടോബർ 10 ശനിയാഴ്ച്ച വൈകിട്ട് 5 മണിക്ക് മണ്ണാർക്കാട് കോൺഗ്രസ്സ് ബ്ലോക്ക് കമ്മിറ്റി ഓഫീസിൽ വച്ച് യൂണിയൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ.ഡി.അജയകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ പ്രധാനമായും സംസ്ഥാന സമ്മേളനത്തെക്കുറിച്ചും സമ്മേളന മുന്നൊരുക്കങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ.എം.വിൻസെന്റ് MLAയും മറ്റു സംസ്ഥാന ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു.

## ഭാരവാഹി യോഗതീരുമാനങ്ങൾ

### പ്രചരണം

യൂണിറ്റുകളിൽ നല്ല രീതിയിലുള്ള പ്രചരണം നടത്തണമെന്ന് യോഗം നിർദ്ദേശിച്ചു. സംസ്ഥാന സമ്മേളന ഫ്ളക്സ്, ബാനർ, കൊടികൾ, തോരണങ്ങൾ എന്നിവ കൊണ്ട് യൂണിറ്റുകൾ നല്ല രീതിയിൽ അലങ്കരിക്കേണ്ടതാണ്. ഡിപ്പോയ്ക്ക് സമീപമുള്ള ഒരു ചുവരിൽ എങ്കിലും സംസ്ഥാനസമ്മേളനത്തിന്റെ ചുവരെഴുത്ത് നടത്തേണ്ടതാണ്.

### പ്രകടനം

തിരുവനന്തപുരം നോർത്ത് – സൗത്ത് ജില്ലാ കമ്മറ്റികൾക്ക് പ്രകടനത്തിന്റെ പൂർണ്ണ ചുമതല നൽകാൻ തീരുമാനിച്ചു. പ്രകടനം തമ്പാനൂർ ബസ് സ്റ്റാന്റിൽ നിന്നും തുടങ്ങി സ്റ്റാച്ച്യൂ ആസാദ് ഗേറ്റ് വഴി പ്രസ്സ്ക്ലബ്ബ് റോഡിൽ കടക്കണം. പ്രകടനത്തിൽ കുറഞ്ഞത് 3000 യൂണിയൻ അംഗങ്ങളേയും കഴിയുന്നത്ര കുടുംബാംഗങ്ങളേയും പങ്കെടുപ്പിക്കണം. സമ്മേളനത്തിൽ പങ്കെടുക്കേണ്ട മുഴുവൻ യൂണിയൻ അംഗങ്ങൾക്കും/ഡെലിഗേറ്റുകൾക്കും ഒക്ടോബർ 17–ാം തീയതിക്ക് മുമ്പ് ലീവ് അപേക്ഷ നൽകി ലീവ് അനുവദിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മുഴുവൻ യൂണിയൻ അംഗങ്ങളും കുടുംബാംഗങ്ങളും പ്രകടനത്തിലും പൊതുസമ്മേളനത്തിലും മുഴുവൻ സമയം പങ്കെടുക്കേണ്ടതാണ്.

പ്രകടനം തുടങ്ങുന്നതിന് മുന്നോടിയായി തമ്പാനൂർ ബസ് സ്റ്റേഷനിൽ അലങ്കരിച്ച കൊടിമരത്തിൽ പതാക ഉയർത്തേണ്ടതാണ്.

**<u>പ്രകടനം താഴെ പറയുന്ന ക്രമത്തിൽ ആയിരിക്കണം അറേഞ്ച് ചെയ്യേണ്ടത്.</u>**

1. അനൗൺസ്മെന്റ് വാഹനം
2. പഞ്ചവാദ്യം
3. ബാനർ– ബാനറിന്റെ പിന്നിലായി യൂണിയന്റെ സംസ്ഥാന ഭാരവാഹികൾ
4. പ്രിയദർശിനി ഫ്ളോട്ട്
5. ഒരേ കളർ ഡ്രസ്സ് ധരിച്ച വനിതാപ്രവർത്തകർ (മുത്തുക്കുടയേന്തി)
6. തെയ്യം
7. പ്രകടനം

പ്രകടനത്തിൽ പങ്കെടുക്കുന്ന മുഴുവൻ പ്രവർത്തകരും കുടുംബാംഗങ്ങളും തികച്ചും അച്ചടക്കത്തോടെ വോളന്റിയർമാരുടെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. പ്രകടനത്തിനും പൊതുസമ്മേളനത്തിനും മുഴുവൻ പ്രവർത്തകരും കുടുംബാംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ബന്ധപ്പെട്ട യൂണിറ്റ്/ ജില്ലാ/ സംസ്ഥാന ഭാരവാഹികൾ ഇത് ഉറപ്പു വരുത്തേണ്ടതാണ്.

തിരുവനന്തപുരം നഗരത്തിലെ യൂണിറ്റുകൾ നല്ലപോലെ അലങ്കരിക്കണം. (തിരു:സെൻട്രൽ, തിരു:സിറ്റി, പാപ്പനംകോട്, വികാസ്ഭവൻ, ചീഫ് ഓഫീസ്, സെൻട്രൽ വർക്ക്സ്).

സമ്മേളന ഫണ്ട് പിരിവ് തുകയും ബാക്കി കൂപ്പൺ ഉണ്ടെങ്കിൽ അതും ഒക്ടോബർ 20 ന മുമ്പ് HO യിൽ എത്തിക്കേണ്ടതാണ്. ബാലൻസ് ഉള്ള കൂപ്പൺ തിരികെ ഏൽപ്പിക്കാത്ത യൂണിറ്റുകൾക്ക് യൂണിറ്റ് വിഹിതം (30%) ലഭിക്കുന്നതല്ല.

യൂണിറ്റ് കമ്മറ്റികൾ നേരിട്ട് മുഖ്യമന്ത്രി, മന്ത്രിമാർ ഇവർക്ക് കത്തുകൾ/ നിവേദനങ്ങൾ നൽകുന്ന പ്രവണത കൂടി വരുന്നു. ഇത് അടിയന്തിരമായി അവസാനിപ്പിക്കണം. ഇനിയും ഇത്തരത്തിൽ ചെയ്യുന്ന യൂണിറ്റ് കമ്മറ്റികൾക്കും ഭാരവാഹികൾക്കുമെതിരെ കർശനനടപടി സ്വീകരിക്കാൻ സംസ്ഥാനഭാരവാഹി യോഗം തീരുമാനിച്ചു.

## <u>പതാകദിനം</u>

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള പതാകദിനം ഒക്ടോബർ മാസം 20–ാം തീയതി നടത്താനാണ് നേരത്തെ തീരുമാനിച്ചിരുന്നത്. അന്നേദിവസം പൂജാ അവധിയായതിനാൽ **ഒക്ടോബർ 22–ാം തീയതി വ്യാഴാഴ്ച്ച പതാകദിനം ആചരിക്കേണ്ടതാണ്.** ബന്ധപ്പെട്ട സംസ്ഥാന/ജില്ലാ/ യൂണിറ്റ് ഭാരവാഹികൾ ഇത് കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

തിരുവനന്തപുരം
15.10.2026

എം.വിൻസെന്റ് MLA
ജനറൽസെക്രട്ടറി